അവിടെ ഉണ്ടാക്കിയിട്ടുണ്ട്. ആ നിലയിൽ ഈ സബ്മിഷൻ വഴി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, പി. എച്ച്. ഇ. ഡി. ഡിവിഷൻ ഓഫീസ്. സൂപ്രണ്ടിംഗ് എൻജിനീയർ ഉൾപ്പെടെ വീണ്ടും ഈ ഓഫീസ് വടകരയിൽ പുനഃസ്ഥാപിക്കാനായിട്ടുള്ള കാര്യം പര്യാലോചിക്കണമെന്നാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരങ്ങളോട് ഞാൻ യോജിക്കുന്നു. പക്ഷേ ഇത് ഉണ്ടായത് ജല അതോറിറ്റി അന്ന് വർക്ക്‌ലോഡ് പരിശോധിച്ചുകൊണ്ട് റീ-ഓർഗനൈസേഷൻ നടത്തി. അപ്പോൾ വടകരയിൽ വർക്ക് കുറവാണെന്നുള്ള നിലയിൽ അവിടെയിരിക്കുന്ന ഡിവിഷൻ ഓഫീസ് കോഴിക്കോട്ടേക്ക് മാറ്റി. പക്ഷേ ഒരു കാര്യം ശരിയാണ്. അതിനുശേഷം ഇപ്പോൾ വളരെയധികം വർക്ക് വടകരയിലും പരിസര പഞ്ചായത്തുകളിലും വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടുനിന്ന് ഒരു ഡ്രെയിനേജ് ഡിവിഷൻ ഓഫീസ് ഉടനെതന്നെ വടകരയിലേക്ക് വീണ്ടും മാറ്റി സ്ഥാപിക്കുന്നതിന് ഓർഡേഴ്സ് കൊടുക്കുന്നുണ്ട്. എന്നിക്ക് കിട്ടിയ ഇൻഫർമേഷൻ കോഴിക്കോട്ടെ പി. എച്ച്. ഇ. ഡി. ഡ്രെയിനേജ് ഡിവിഷൻ ഓഫീസ് വടകരയ്ക്ക് മാറ്റി സ്ഥാപിക്കാനാണ്. അതു മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഓർഡേഴ്സ് നൽകുകയാണ്. നിലയ്ക്ക് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നു ഞാൻ കരുതുന്നു.

## 14. നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, നാളികേര വികസന കോർപ്പറേഷൻ കേര കർഷകരെ സംരക്ഷിക്കാൻ ഉണ്ടാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ രണ്ട് സംസ്കരണ പ്ലാന്റുകളും ആറിങ്ങലിലും കോഴിക്കോട് തിരുവഞ്ചൂരിലും സ്ഥാപിക്കുകയും ചെയ്തു. സർ, ഇന്ന് ആ കോർപ്പറേഷൻ കൊപ്ര സംഭരിക്കുന്നില്ലെന്നുമാത്രമല്ല നാഫെഡും മാർക്കറ്റിങ്ങ് ഫെഡറേഷനും സംഭരിച്ച കൊപ്രപോലും അതിന്റെ സംസ്കരണ പ്ലാന്റിലേയ്ക്ക് കൊടുക്കുന്നില്ല. മുപ്പത്താറായിരം ടൺ കപ്പാസിറ്റി ഉണ്ട് സർ. പതിനാലായിരം ടണ്ണാണ് രണ്ടു സ്ഥലത്തുമായി അവിടെ സംസ്കരിക്കാറ്. ബാക്കി പതിനായിരം ടണ്ണും അവരുടെ കൈവശമുണ്ടായിരുന്നതും കുറെ സ്വകാര്യ മില്ലുകാരെക്കൊണ്ട് വാടകയ്ക്ക് എടുത്തു കൊടുക്കും. സർ, 4,500 രൂപയാണ് ഒരു ദിവസത്തെ വാടക. 1,500 ഉറുപ്പികയേ കറന്റു ചാർജും തൊഴിലാളികളുടെ കൂലിയ്ക്കുംവേണ്ടി വരുകയുള്ളൂ. അങ്ങനെ മൂവായിരം രൂപ ദിവസംപ്രതി വാടക കൊടുക്കുന്നു. ഈ സ്വകാര്യ മില്ലുകാർ സംസ്കരിക്കുന്ന പിണ്ണാക്കിൽ 8 ശതമാനം മുതൽ 15 ശതമാനംവരെ വെളിച്ചെണ്ണ ബാക്കിയുണ്ടാകുന്നു. മാർക്കറ്റ് വിലയ്ക്ക് ആ പിണ്ണാക്ക് വില്ക്കേണ്ടതാണ്. പകരം അതും സ്വകാര്യ വ്യക്തികൾക്ക് വില്പന നടത്തുന്നു. ഇതിന്റെയൊക്കെ ഫലമായി സർ, ഏറ്റവും ചുരുങ്ങിയത് മൂന്നു കോടി രൂപ നഷ്ടപ്പെടുത്തി എന്നല്ല പറയേണ്ടത് സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് ആ കോർപ്പറേഷൻ തന്ത്രപൂർവ്വം കൊടുത്തിരിക്കുന്നത് എന്നാണ്. കോഴിക്കോട് ഉള്ള കോർപ്പറേഷനിൽ 25 തൊഴിലാളികളെ പിരിച്ചുവിടാൻ പോകുന്നു. അവർക്ക് നൂറുദിവസംപോലും ജോലി കൊടുക്കാനില്ല. കിട്ടിയ കൊപ്ര സ്വന്തം ഫാക്ടറിയിൽ സംഭരിക്കാതെ അത് സ്വകാര്യ വ്യക്തികളുടെ ഫാക്ടറിയിൽ കൊടുത്ത് സ്വന്തം തൊഴിലാളികളെ പിരിച്ചുവിടാൻ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളിൽ നിർത്തേണ്ടതാണ്. അതുകൊണ്ട് കോഴിക്കോട് കൊപ്രാ സംസ്കരണ കേന്ദ്രത്തിനാവശ്യമായ കൊപ്രാ സംഭരിച്ചുകൊടുക്കണം; തൊഴിലാളികളെ പിരിച്ചുവിടരുത്, അത് മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

ഷിഫ്റ്റായിട്ടു പ്രവർത്തിക്കാനാവശ്യമായ നടപടിയുമെടുക്കണം. ഈ നഷ്ടം വരുത്തിയത് ആരാണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ച് നടപടിയെടുക്കാനുള്ള ദയവുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ബഹുമാന പ്പെട്ട മെമ്പർ പറഞ്ഞതിനോട് ഞാൻ യോജിക്കാൻ തയ്യാറല്ല. നാളികേ വികസന കോർപ്പറേഷന്റെ സ്ഥിര തൊഴിലാളികൾക്കാർക്കും തൊഴിലില്ലാ വന്ന സാഹചര്യമുണ്ടായിട്ടില്ല. കോർപ്പറേഷനിൽ സ്ഥിരം ജോലിക്കാരായി 164 പേരാണുള്ളത്. രണ്ടു ഫാക്ടറികളിലുമായി ദിവസക്കൂലിക്കാരായി 211 പേരുമുണ്ട്. അവർക്ക് ആവശ്യമനുസരിച്ച് ജോലി നൽകുന്നുണ്ട്. കൊപ്ര സംഭരണ കേന്ദ്രങ്ങൾ പുതുതായി തുടങ്ങാൻ കോർപ്പറേഷന് ആലോ ചനയുണ്ട്. അവ തുടങ്ങുമ്പോൾ ആവശ്യമനുസരിച്ച് കാഷ്വൽ ജീവനക്കാർക്ക് കൂടുതൽ ജോലി ലഭിക്കുന്നതാണ്. ഇങ്ങനെയുള്ള പരാതികളൊന്നും ഇതുവരെ ഗവൺമെന്റിനു കിട്ടിയിട്ടില്ല. പരാതികൾ തരുകയാണെങ്കിൽ അതേക്കുറിച്ച് അന്വേഷിക്കാം.

## 15. കർഷക സംഘടനാ നേതാക്കളുടെ നിരാഹാര സത്യാഗ്രഹം

ശ്രീമതി കെ. ആർ. ഗൗരി : സർ, കഴിഞ്ഞ ആറാം തീയതി മുതൽ കർഷക സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ജില്ലാകളക്ടറേറ്റുകളുടെ മുമ്പിലും സെക്രട്ടേ റിയറിന്റെ മുമ്പിലും വിവിധ കർഷകസംഘടനകളുടെ നേതാക്കൻമാരും എം. എൽ. എ. സഖാവ് കെ. പി. അരവിന്ദാക്ഷനടക്കം നിരാഹാര സമരത്തി ലാണ്. അവർ 14 ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. അത് അടിയന്തി രമായി ചെയ്തു തീർക്കേണ്ട ആവശ്യങ്ങളാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വേഗം നടപ്പിലാക്കണം. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കുകയും അത് പ്രസിദ്ധീകരിക്കുകയും വേണം, കാർഷിക കടങ്ങൾക്കു അടിയന്തിര ആശ്വാസം വേണം. കൈവശകൃഷിക്കാർക്ക് പട്ടയം കൊടുക്കാനും വെളിച്ചെണ്ണയുടേയും റബ്ബർ ഉല്പന്നങ്ങളുടേയും കൊപ്ര യുടേയും ഇറക്കുമതി നിരോധിക്കണം. ഉല്പാദനച്ചെലവുമായി ബന്ധ പ്പെടുത്തി കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുവിധ ത്തിലുള്ള നടപടികളും എടുക്കണം. ഇങ്ങനെ അടിയന്തര പ്രാധാന്യമുള്ള 14 ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഈ ആവശ്യങ്ങളെ സംബന്ധിച്ച് പല കാലങ്ങളിലായി ഗവൺമെന്റിനോട്. അതിൽ പ്രത്യേകിച്ച് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, ആദ്യം അത് പ്രസിദ്ധീകരിക്കുകയില്ലെന്നു പറഞ്ഞു; പിന്നീട് അത് പ്രസിദ്ധീ കരിക്കാമെന്നു പറഞ്ഞു. പിന്നെ അത് എങ്ങനെയോ ഗവൺമെന്റ് അറിഞ്ഞി ല്ലായെന്നു പറഞ്ഞാലും അതിന്റെ ശുപാർശകളിൽ പറയുന്നത് ശരിയോ തെറ്റോ ഏതായാലും, അത് പത്രത്തിൽ വന്നതു കണ്ടിട്ട് അതേ വിവരമുള്ളവർ എഴുതിയതാണെന്നു തോന്നിയിട്ടുണ്ട്. ആ വിധത്തിൽ ആ റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നു പറയുകയും ചെയ്തു. ജനാർദ്ദനൻ നായർ എന്നു പറയുന്നത് വെറും ഒരു അഗ്രിക്കൾച്ചറൽ ഓഫീസറാണെന്നും, അതുകൊണ്ട് ആ റിപ്പോർട്ട് എന്തിനാണെന്നുമുള്ള നിലയിലുള്ള രീതിയാണ് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയുടെ സംസാരത്തിൽ നിന്നു മനസ്സിലായത്. കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ച് ഈ ആവശ്യങ്ങൾ പരമ പ്രധാനമായിട്ട് അടിയന്തിരമായിട്ട് ചെയ്തു കിട്ടേണ്ട ഒന്നാണ്. വെള്ളപ്പൊക്കം വരുത്തിവച്ചയോ കൊണ്ട് കൃഷി പോയാൽ കൃഷിക്കാർക്ക് സമയത്തിന് ആശ്വാസ നടപടികളും സഹായവും കിട്ടിയില്ലെങ്കിൽ പിന്നെ വേറെ ഒന്നുമുണ്ടാകുകയില്ല. ഞാൻ ഇപ്പോൾ എന്റെ നിയോജക മണ്ഡലത്തിന്റെ കാര്യം തന്നെ പറയാം.

LIBRARY ARCHIVES Kerala Legislative Assembly